HON'BLE MR. T. K. NARAYANA PILLAI; This Government had no consultation on the question of the integration or merger in respect of Cochin and Travancore.

പോലീസുവകുപ്പിലെ ഉദ്യോഗസ്ഥന്മാർ.

*346. MR. THRIATHU KUNJITHOMMAN (*Moovattpuzha II—General*): താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പോലീസുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

പോലീസ് ഇൻസ്പെക്ടർമാരുടേയും, ഏ. എസ്. പി-മാരുടേയും, ഡി. എസ്. പി-മാരുടേയും സമുദായം തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

HON'BLE MR. T. K. NARAYANA PILLAI: പോലീസു ഇൻസ്പെക്ടറന്മാരുടേയും, ഏ. എസ്. പി-മാരുടേയും, ഡി. എസ്. പി-മാരുടേയും സമുദായം തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

MR. MANNAR GOPALAN NAIR: ഇനിയെങ്കിലും ഈ സമുദായം തിരിച്ചുള്ള ചോദ്യങ്ങൾക്കു ഉത്തരം പറയാതിരിക്കുവാൻ ദയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI: ബഹുമാനപ്പെട്ട അംഗങ്ങൾ സമുദായം തിരിച്ചുള്ള ചോദ്യങ്ങൾ ചോദിക്കാതിരുന്നാൽ ഗവണ്മെൻറ് ഉത്തരം പറയാതിരിക്കാം.

സ്വന്തം ഭൂമി ഇല്ലാത്തവർ.

*347. MR. P. K. KUMARAN ASARI (*Meenachil-I—Kammala Reserved*): താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

സ്വന്തം ഭൂമിയില്ലാത്ത നിരവധി സാധുകുടുംബക്കാർ നമ്മുടെ നാട്ടിൽ ഉള്ളതുകൊണ്ട് അവർക്കു താമസസൗകര്യം ഉണ്ടാക്കിക്കൊടുത്തു അവരെ സഹായിക്കുന്നതിനു വല്ല പരിപാടിയും ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ടോ എന്നു പറയുന്നതിനു ദയവുണ്ടാകുമോ?

HON'BLE MR. V. O. MARKOS: ഒരു പരിപാടി ഗവണ്മെൻറിനുണ്ട്. പക്ഷെ ഇപ്പോൾ ആ പരിപാടി നടപ്പിലാക്കിയിട്ടില്ല. ഗവണ്മെൻറിനു അങ്ങനെ ചെയ്യണമെന്ന ആഗ്രഹമുണ്ട്. ചിലതു നടന്നുകൊണ്ടിരിക്കുകയാണു; പക്ഷെ പരിപൂർണ്ണമായ ഒരു പരിപാടി ഇതുവരെ കൈക്കൊണ്ടിട്ടില്ല.

MR. P. K. KUMARAN ASARI; ഗവണ്മെൻറിന്റെ കൈവശം ധാരാളം പുറംപോക്കു ഭൂമി ഉള്ളതുകൊണ്ടു അതു സാധുക്കൾക്കു വിട്ടുകൊടുക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ?

† *Vide* APPENDIX 'A'

LIBRARY ARCHIVES Kerala Legislative Assembly